**പതിനാലാം കേരള നിയമസഭ-**
**പതിനാറാം സമ്മേളനം-**
**നക്ഷത്ര ചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 2355-**
**2019 നവംബർ 05-നുള്ള (ചൊവ്വ) മറുപടിയ്ക്ക്**

<u>സർക്കാർ ജീവനക്കാരുടെ ഭവന വായ്പ പദ്ധതി</u>

| ചോദ്യം<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന വായ്പ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ? എങ്കിൽ ബന്ധപ്പെട്ട ഉത്തരവ്, മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകൾ (1) ജി.ഒ.(പി)നം.105/2018/ധന, തീയതി 05/07/2018, (2) ജി.ഒ.(പി)നം.143/2018/ധന തീയതി 11/09/2018, (3) സർക്കുലർ നം. 06/2019/ധന തീയതി 18/01/2019 എന്നിവയാണ്. ടി ഉത്തരവുകൾ പ്രകാരം ജീവനക്കാർ ഭവന നിർമ്മാണ വായ്പയ്ക്കായി ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ/ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളെ സമീപിച്ച് വായ്പ ലഭ്യമാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരമുള്ള സബ്സിഡി നൽകുന്നതുമായുള്ള ഡെഡിക്കേറ്റഡ് സോഫ്റ്റ് വെയർ നിർമ്മാണ ഘട്ടത്തിലാണ്. ഭവന നിർമ്മാണ വായ്പ-മാനദണ്ഡങ്ങൾ:- സംസ്ഥാന സർവ്വീസിൽ 5 വർഷം മുഴുവൻ സമയ സേവനം പൂർത്തിയായതും, 50 മാസ സർവ്വീസ് (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് 31-ന്) അവശേഷിക്കുന്നതുമായ, സ്വന്തമായോ സ്പൗസിന്റെയോ/ പ്രായപൂർത്തിയാകാത്ത മക്കളുടെയോ പേരിൽ വീടില്ലാത്ത, സർക്കാർ ജീവനക്കാരുടെ സ്വന്തം പേരിലോ, സ്പൗസിന്റെ പേരിലോ ഉള്ള വസ്തുവിൽ വീട് നിർമ്മിക്കുന്നതിനാണ് (വീടും സ്ഥലവും/ഫ്ലാറ്റ് വാങ്ങുന്നതിനും വായ്പയെടുക്കാവുന്നതാണ്) അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തിലെ ശമ്പളം) 50 ഇരട്ടി പരമാവധി 20 ലക്ഷം വരെ ഒറ്റയ്ക്കോ/സംയുക്തമായോ (സർക്കാർ ജീവനക്കാരായ ദമ്പതിമാർ) വായ്പ ബാങ്കിൽ നിന്ന് എടുക്കേണ്ടത്. ഒറ്റ തവണ മാത്രമാണ് സർക്കാർ ഭവന വായ്പാ പദ്ധതി പ്രകാരം വായ്പയെടുക്കുവാൻ സാധിക്കുക. |

**സെക്ഷൻ ഓഫീസർ**